ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് കേന്ദ്ര പൊതുമേഖലാവ്യവസായ മേഖലയിൽ ഉണ്ടായിട്ടുള്ള വ്യവസായ നിക്ഷേപത്തെ സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതികൾ | | മുതൽമുടക്ക് (തുക കോടിയിൽ) |
|---|---|---|
| ബി.പി.സി.എൽ.-കൊച്ചി റിഫൈനറിയുടെ വികസന പദ്ധതി | - | 12,000 |
| ഗെയിൽ പൈപ്പ്ലൈൻ പദ്ധതി (കൊച്ചി-മാംഗ്ലൂർ-ബാംഗ്ലൂർ പൈപ്പ്ലൈൻ) | - | 3,000 |
| സപ്ലിമെന്ററി ഗ്യാസ് ഇൻഫ്രാസ്ട്രക്ച്ചർ പദ്ധതി, കൊച്ചി | - | 2,000 |
| സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ (SAIL)-KMML-ുമായി ചേർന്നുള്ള ടൈറ്റാനിയം സ്പോഞ്ച് പദ്ധതി, കൊല്ലം | - | 3,000 |
| നിർദ്ദേശ് പദ്ധതി, കോഴിക്കോട് | - | 200 |

പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണം

217 (3878) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവുംവിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) പരമ്പരാഗത മേഖലയെ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ മെച്ചപ്പെടുത്തി പുതിയ സാധ്യതകൾ കണ്ടെത്തുന്നതിനായി എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനായി സർക്കാർ ക്രിയാത്മകമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരമ്പരാഗത വ്യവസായമായ കൈത്തറി വ്യവസായത്തെ പുനരുദ്ധരിക്കുന്നതിനുവേണ്ടി കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ച റിവൈവൽ, റിഫോംസ് ആന്റ് റീ-സ്ട്രക്ചറിംഗ് പാക്കേജ് പ്രകാരം അപ്പക്സ് സൊസൈറ്റി, പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ, വ്യക്തിഗത നെയ്ത്തുകാർ എന്നിവർക്ക് ആനുകൂല്യങ്ങൾ നൽകുന്നു. ഈ മേഖലയിലെ തൊഴിലാളികൾക്ക് കുറഞ്ഞത് 100 ദിവസമെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

Page 2 of 4

തൊഴിൽ നൽകുന്നതിനായി ഇൻകം സപ്പോർട്ട് സ്കീമും കൈത്തറി നെയ്ത്തുകാരുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമും നടപ്പിലാക്കി വരുന്നു. വിപണനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് ഊന്നൽ നൽകി വരുന്നു. കൈത്തറി മേഖലയുടെ പുനരുദ്ധാരണത്തിനായി റീ-വൈറ്റലൈസേഷൻ പദ്ധതി പ്രകാരം ധനസഹായം നൽകിവരുന്നു. പ്രാഥമിക കൈത്തറി സഹകരണസംഘങ്ങൾക്ക് വർക്ക്ഷെഡ് നവീകരണം, പ്രവർത്തന മൂലധനം, ഉൽപ്പന്ന വൈവിധ്യവത്കരണം, ഇ.എസ്.ഐ/ഇ.പി.എഫ് കുടിശ്ശിക തീർക്കൽ എന്നീ ആവശ്യങ്ങൾക്കായി ധനസഹായം അനുവദിക്കുന്നുണ്ട്. ഹാന്റക്സ്, ഹാൻവീവ് എന്നിവയ്ക്ക് പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുനരുദ്ധാരണ പദ്ധതി പ്രകാരം സർക്കാർ ധനസഹായം അനുവദിച്ചുവരുന്നു.

പരമ്പരാഗത വ്യവസായമായ കശുവണ്ടി മേഖലയിൽ തോട്ടണ്ടിയുടെ കൂടുതൽ ലഭ്യതയ്ക്കുവേണ്ടി കശുമാവ് കൃഷി വ്യാപിപ്പിക്കുകയും കൂടുതൽ പ്രവർത്തന മൂലധനം അനുവദിക്കുകയും ചെയ്തുവരുന്നു. ഇതുമൂലം തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ നൽകുവാൻ കഴിയുന്നുണ്ട്. തൊഴിലാളികളുടെ അധ്വാനഭാരം കുറയ്ക്കുന്നതിനായി ഭാഗികമായ യന്ത്രവൽക്കരണം നടപ്പിലാക്കിയിട്ടുണ്ട്. പരമ്പരാഗത വ്യവസായമായ കശുവണ്ടി മേഖലയിലെ പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെയും സഹകരണ സ്ഥാപനമായ കാപ്പെക്സിന്റെയും നവീകരണത്തിനും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ആധുനിക യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനും ആവശ്യമായ സാമ്പത്തിക സഹായം നൽകിവരുന്നു.

പരമ്പരാഗത വ്യവസായമായ കയർമേഖലയിൽ ഇൻസെന്റീവ് വർദ്ധിപ്പിച്ചുകൊണ്ട് തൊണ്ട് സംഭരണപദ്ധതി പരിഷ്കരിച്ചിട്ടുണ്ട്. നിയന്ത്രിത യന്ത്രവൽക്കരണം നടപ്പിലാക്കിയിട്ടുണ്ട്. കയർസഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം പ്രവർത്തന മൂലധനമുൾപ്പെടെയുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്. കയർപിരി, ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർതന്നെ തൊഴിലാളികൾക്ക് നേരിട്ട് നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കിവരുന്നു.

ഖാദി മേഖലയിൽ പ്രത്യേക തൊഴിൽദാന പദ്ധതി പ്രകാരം വിവിധ പരമ്പരാഗത വ്യവസായങ്ങൾക്ക് സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ട്. ഖാദി തൊഴിലാളികൾക്ക് സർക്കാർ ധനസഹായത്തോടെ മിനിമം വേതനം നൽകിവരുന്നുണ്ട്. ക്ഷേമനിധി ബോർഡുവഴി പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. ഖാദിമേഖലയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ പഠിച്ച ഗോപിനാഥൻ നായർ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഖാദിമേഖലയുടെ വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി ഖാദി-ഗ്രാമ വ്യവസായ കമ്മീഷന്റെ സഹായത്തോടുകൂടി ഖാദി വസ്ത്രങ്ങളുടെ ഡിസൈൻ ആകർഷകമാക്കുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

കരകൗശല മേഖലയിൽ തൊഴിലാളികൾക്ക് കുറഞ്ഞ പലിശ നിരക്കിൽ സാമ്പത്തിക സഹായം നൽകിവരുന്നു. കരകൗശല തൊഴിലാളികൾക്ക് കുടിശ്ശിക തീർക്കുന്നതിനുവേണ്ടിയുള്ള സാമ്പത്തിക സഹായവും തൊഴിലാളികൾക്ക് സ്കിൽ അപ്ഗ്രഡേഷൻവഴി കൂടുതൽ വരുമാനം ലഭിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നു. കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ പരിധിയിൽവരുന്ന ആർട്ടിസാൻസ് കുടുംബങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കി ആർട്ടിസാൻസ് വനിതകൾക്കായി ഒട്ടനവധി തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ വിവിധ ജില്ലകളിൽ സർക്കാരിന്റെ ധനസഹായത്തോടെ കാഡ്കോ നടത്തിവരുന്നു. ബാംബൂ കോർപ്പറേഷന്റെ കീഴിലുള്ള ഈറ്റ-പനമ്പ്-നെയ്ത് തൊഴിലാളികൾക്ക് മിനിമം വേതനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) പരമ്പരാഗത വ്യവസായമായ കൈത്തറി വ്യവസായത്തെ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ മെച്ചപ്പെടുത്തുന്നതിനായി തറികളിൽ ടേക്ക്അപ്/വൈറ്റ് മോഷൻ ഘടിപ്പിക്കുവാനും ആയാസം കുറയ്ക്കുന്നതിനായി ജക്കാർഡ് ലൂമിൽ ന്യൂമാറ്റിക് സിസ്റ്റം, ഇലക്ട്രിക്കലി ഓപ്പറേറ്റഡ് സിസ്റ്റം എന്നിവ ഘടിപ്പിക്കുവാനും സ്പൂൾ വാർപ്പിംഗ് മെഷീൻ സ്ഥാപിക്കുന്നതിനും ഡൈയിംഗ് ക്വാളിറ്റി ഉയർത്തുന്നതിനായി കാബിനറ്റ് ഡൈയിംഗ് മെഷീൻ സ്ഥാപിക്കുന്നതിനും ബൂട്ടാ ഡിസൈൻ വീവിംഗിന്റെ വേഗം കൂട്ടാൻ ചങ്കി എക്സ്ട്രാ വെഫ്റ്റ് വീവിംഗ് ഡിവൈസ് തറികളിൽ സ്ഥാപിക്കുന്നതിനും ഹൈഡ്രോളിക് പ്രെസിംഗ് മെഷീൻ ഉപയോഗിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്.

പരമ്പരാഗത വ്യവസായമായ കശുവണ്ടി മേഖലയിൽ പ്രവർത്തിക്കുന്ന കേരള കശുവണ്ടി വികസന കോർപ്പറേഷന്റെ അധീനതയിലുള്ള ഫാക്ടറികളിൽ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഷെല്ലിംഗ്, പീലിംഗ്, ഗ്രേഡിംഗ് സെക്ഷനുകളിൽ ഭാഗികമായി യന്ത്രവൽക്കരണം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിച്ചുവരുന്നു. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉത്പാദിപ്പിച്ചും ആധുനിക പായ്ക്കിംഗ് മെഷീനുകൾ ഉപയോഗിച്ചും ഉപഭോക്താക്കളെ ആകർഷിക്കത്തക്ക വിധം കശുവണ്ടി വ്യവസായം ആധുനികവൽക്കരിച്ചിട്ടുണ്ട്. കശുവണ്ടി മേഖലയിലെ സഹകരണസ്ഥാപനമായ കാപ്പെക്സിന്റെ ഫാക്ടറികളിൽ ആധുനിക യന്ത്രവൽക്കരണവും കമ്പ്യൂട്ടർവൽക്കരണവും നടപ്പിലാക്കുന്നതിനായി സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ട്.

പരമ്പരാഗത വ്യവസായമായ കയർമേഖലയെ ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി ആധുനിക രീതിയിലുള്ള മിനി ഡീ-ഫൈബറിംഗ് മെഷീൻ സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനമായ നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിച്ചിട്ടുണ്ട്. കയർമേഖലയിലെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ സെമിഓട്ടോമാറ്റിക് ന്യൂമാറ്റിക് തറികൾ, വില്ലോയിംഗ് മെഷീനുകൾ, ഇലക്ട്രോണിക് റാട്ടിന്റെ പരിഷ്ക്കരിച്ച മോഡൽ എന്നിവ വികസിപ്പിക്കുന്നുണ്ട്. അടൂർ കിൻഫ്ര പാർക്കിൽ കയർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ആധുനിക പി. വി. സി. ടഫ്റ്റഡ് ഉൾപ്പെടെയുള്ള സംയോജിത യൂണിറ്റ് സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചു. കയർ മാറ്റ്സ് & മാറ്റിംഗ്സ്

LIBRARY ARCHIVES Kerala Legislative Assembly

ഉൽപാദിപ്പിക്കുന്നതിനുവേണ്ടിയുള്ള കയർ ലൂമും വികസിപ്പിച്ചുവരുന്നു. റബ്ബറിൽ കയർ പിത്ത് ഫില്ലർ മെറ്റീരിയലായി ഉപയോഗിച്ച് ചെരുപ്പ്, ഡോർമാറ്റ് മുതലായ ഉൽപന്നങ്ങൾ ആധുനിക സാങ്കേതിക വിദ്യയിലൂടെ നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിച്ചെടുത്തിട്ടുണ്ട്. കയർമേഖലക്കാവശ്യമായ യന്ത്രങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിന് യന്ത്രനിർമ്മാണ ഫാക്ടറി ആലപ്പുഴയിൽ സ്ഥാപിച്ചിട്ടുണ്ട്.

ഖാദി മേഖലയിൽ ചർക്കയിൽ ആധുനികവത്കരണം നടത്തി ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി ഗോരഖ്പൂർ ഐ.ഐ.ടി. നടത്തിയ ഗവേഷണങ്ങളുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കരകൗശല മേഖലയിൽ ആധുനികവത്കരണവുമായി ബന്ധപ്പെട്ട് തൊഴിലാളികൾക്ക് വിദഗ്ദ്ധ പരിശീലനം വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കിവരുന്നു. സംസ്ഥാന ബാംബൂ കോർപ്പറേഷൻ ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടുകൂടി ഫ്ളാറ്റന്റ് ബോർഡ്, ബാംബൂ ഫ്ളോറിംഗ് ടൈൽ, ബാംബൂ ഫർണിച്ചറുകൾ, മറ്റ് അനുബന്ധ ഉൽപന്നങ്ങൾ എന്നിവ ഉൽപാദിപ്പിച്ച് വിപണനം നടത്തിവരുന്നു.

## പൊതുമേഖലാസ്ഥാപനങ്ങളിലെ നിയമനങ്ങൾ

218 (3879) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പൊതുമേഖലാ സ്ഥാപനങ്ങളിൽ എത്ര തസ്തികകളിലേക്ക് സ്ഥിരമായും താല്കാലികമായും നിയമനങ്ങൾ നടന്നിട്ടുണ്ടെന്നുള്ളതിന്റെ വിശദവിവരം വർഷം തിരിച്ച് നൽകുമോ ;

(ബി) പ്രസ്തുത നിയമനങ്ങളിൽ എത്രയെണ്ണം പി.എസ്.സി. മുഖേന നടന്നിട്ടുണ്ട് ; തസ്തികകൾ തിരിച്ചും സ്ഥാപനങ്ങൾ തിരിച്ചുമുള്ള വിശദ വിവരങ്ങൾ നൽകുമോ ;

(സി) പ്രസ്തുത നിയമനങ്ങളിൽ എത്ര തസ്തികകളിലേക്ക് സ്ഥാപനങ്ങൾ നേരിട്ട് നിയമനങ്ങൾ നടത്തിയിട്ടുണ്ട് ; തസ്തികകൾ തിരിച്ചും സ്ഥാപനങ്ങൾ തിരിച്ചുമുള്ള വിശദവിവരങ്ങൾ നൽകുമോ ?

### ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

## അരൂർ മണ്ഡലത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണം

219 (3880) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റശേഷം അരൂർ മണ്ഡലത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളായ തുറവൂർ സിൽക്കിന്റെയും അരൂർ കെൽട്രോൺ കൺട്രോൾസിന്റെയും നവീകരണത്തിനായി എത്ര രൂപ അനുവദിച്ചു നൽകി എന്നും പ്രസ്തുത തുക എന്തൊക്കെ പ്രവൃത്തികൾക്ക് വിനിയോഗിച്ചു എന്നും വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly